**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4540** **06-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ യുവസഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ എത്ര യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെ താലൂക്കുകളിലാണെന്നും വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ 5 യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളുടെ പേരും അവ ഏതൊക്കെ താലൂക്കുകളിലാണെന്നുള്ള വിവരവും ചുവടെ ചേർക്കുന്നു. |

| ക്രമനം. | സംഘത്തിന്റെ പേര് | താലൂക്ക് |
|---|---|---|
| 1. | ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1465 | ചിറ്റൂർ |
| 2. | ആലത്തൂർ താലൂക്ക് യുവ കർഷക ഉൽപ്പാദക വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1466 | ആലത്തൂർ |
| 3. | ആലത്തൂർ യുവ സ്കിൽഡ് ആന്റ് അൺ സ്കിൽഡ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.1467 | ആലത്തൂർ |
| 4. | നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1468 | ചിറ്റൂർ |
| 5. | പാലക്കാട് ജില്ല ട്രൈബൽ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1476 | മണ്ണാർക്കാട് |

| | | | |
|---|---|---|---|
| (ബി) | ഇത്തരം യുവസഹകരണ സംഘങ്ങളിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | ഇത്തരം യുവസഹകരണ സംഘങ്ങളിലൂടെ ധാന്യം, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വൃക്ഷതൈകളുടെ വിതരണം, നഴ്സറി യൂണിറ്റുകൾ തുടങ്ങുക, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും, വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അംഗങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുക, ആദിവാസി യുവജനങ്ങൾക്കായി കൃഷി അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവരുടെ സാമ്പത്തിക സാമൂഹിക വളർച്ചക്കായി |

| | | | |
|---|---|---|---|
| | | | പ്രയത്നിക്കുകയും ചെയ്യുക തുടങ്ങിയവയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (സി) | പാലക്കാട് ജില്ലയിൽ കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പാലക്കാട് ജില്ലയിൽ കൂടുതൽ യുവസഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കും. നിലവിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ